(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളിൽ ഭൂരിഭാഗവും അവരുടെ പട്ടിണിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. ക്ഷേത്യക്ഷാമം പരിഹരിക്കുന്നതിന് സൗജന്യ റേഷൻ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം, പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ മുഖേനയുള്ള ധാന്യ ബാങ്കുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കന്നുകാലി വളർത്തലിനും കൃഷിക്കും ധനസഹായവും, പരമ്പരാഗത തൊഴിലുകൾ പരിപോഷിപ്പിക്കുന്നതിനായി പരിശീലനവും ധനസഹായവും നൽകിവരുന്നു. അടിയർ, പണിയർ മറ്റ് പിന്നോക്ക പട്ടിക വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനായി അടിയ, പണിയ പാക്കേജ് പദ്ധതി, ചെറുകിട വനവിഭവ ശേഖരണത്തിനും വിറ്റഴിക്കലിനുമായി പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ മുഖേനയുള്ള സഹായം, കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകത്തക്കരീതിയിൽ പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് ധനസഹായം എന്നീ പരിപാടികൾ നിലവിലുണ്ട്.

(സി ആന്റ് ഡി) വനാന്തരങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് വനവിഭവ ശേഖരണവുമായി ബന്ധപ്പെട്ട് പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ മുഖേനയുള്ള പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ വനം സംരക്ഷണ ജോലികൾ വഴിയും ഇവർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. ഇവർ താമസിക്കുന്ന കോളനികൾക്ക് ചുറ്റും കൃഷിയും മറ്റ് ഔഷധച്ചെടികളും നട്ട് പിടിപ്പിക്കുന്നതിനും പശു, ആട് എന്നിവയെ വളർത്തുന്നതിനും പരമ്പരാഗത തൊഴിലുകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളെക്കുറിച്ച് പഠനം

*6 [514] ശ്രീ. കെ. ബാബു:

„ ജോർജ് ജെ. മാത്യു:

„ ടി. വി. ചന്ദ്രമോഹൻ:

„ ശ്രീ. വർക്കല കഹാർ:

„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം പുതിയ അധികാരങ്ങൾ നൽകാൻ കഴിയും എന്നതിനെ സംബന്ധിച്ച് പഠനം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണ് പഠനം നടന്നുവരുന്നത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം അധികാരങ്ങൾ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. സംസ്ഥാന സർക്കാർ മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിച്ചു കഴിഞ്ഞു. 2004 സെപ്റ്റംബർ മുതൽ 2005 സെപ്റ്റംബർ വരെയാണ് കമ്മീഷന്റെ പ്രവർത്തന കാലയളവ്.

(ബി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ സ്ഥിതി വിലയിരുത്തി, വിഭവ സമാഹരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള വിഭവ കൈമാറ്റവും സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചും ശുപാർശകൾ സമർപ്പിക്കുകയെന്നതാണ് മൂന്നാം ധനകാര്യ കമ്മീഷന്റെ ഉത്തരവാദിത്തം.

(സി ആന്റ് ഡി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഗുണഫലങ്ങൾ സ്ഥായിയാക്കുന്നതിലും പ്രശ്നങ്ങളും പോരായ്മകളും പരിഹരിക്കുകയെന്നതിലുമാണ് ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. നിലവിലുള്ള സംവിധാനം വ്യവസ്ഥാപിതമാക്കിയതിനുശേഷം കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പത്താം പഞ്ചവത്സര പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതം

*7 [515] ശ്രീ. സി. കെ. നാണു:

„ കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താംപഞ്ചവത്സര പദ്ധതിയിലേക്ക് കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ഇതുവരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പത്താംപഞ്ചവത്സര പദ്ധതിയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സഹായകരമായ എന്തെങ്കിലും സ്പെഷ്യൽ പ്രോഗ്രാം നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഫലമായി എത്ര പേർക്ക് പുതുതായി തൊഴിലവസരങ്ങൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ഇനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly